# അതെ, അതങ്ങനെയത്രെ...!



തലച്ചോറിനകം പുഴുവരിക്കുന്നുവെന്ന്
അധിനിവേശത്തിന്റെ അപ്രതിരോധശക്തി
തിരിച്ചറിവ് പകർന്ന കാലം...
ഞെട്ടേണ്ടതില്ലാത്ത വിധം
അകപ്പെട്ടുപോയിരുന്നു
എല്ലാ മായാജാലങ്ങളിലും...!
പണം കൊണ്ട് മൂടാൻ കഴിയാത്ത
ഒരു നിയമപാത്രവുമില്ലെന്ന്
ഇന്നിന്റെ പ്രായോഗികതാ ശാസ്ത്രം...
ആ പാത്രത്തിനകത്ത് വേവുന്നതെന്തും
വെട്ടി വിഴുങ്ങാൻ കഴിയാതെ
ദഹനക്കേട് അനുഭവിക്കുന്നവന്
ഛർദിച്ച് തളർന്നിരിക്കാനുണ്ട് കൂട്ട്
ജനാധിപത്യം...
സ്വയമോ, ബലാലോ
മാറിപ്പോയതൊന്നുമിനി
തന്മയിലേക്ക് തിരിച്ചുവരില്ലെന്ന നോവ്
മറക്കാനും പൊറുക്കാനുമുള്ളത്...
നന്മയിലേക്കിനി
വെളിച്ചമുള്ള വഴികളൊന്നുമില്ലെന്ന്
നാട്ടുകവലയിലെ
വിരൽചൂണ്ടി ഫലകങ്ങൾ...
ആകാശ മേഘങ്ങളുരുണ്ടു കൂടുന്നത്
വിഷപ്പെയ്ത്ത്
ആഘോഷിച്ച് തിമർക്കാനെന്ന്
കാലാവസ്ഥാ പ്രവചനം...
മനുഷ്യൻ ഇരുകാലുകളും
ഇരു കൈകളുമായി
ഭൂജാതനാകുന്നത്
മറക്കിരിക്കുന്നത് പോലെ
കാലുകളിലൂന്നിയിരുന്ന്
സ്വന്തം കൈകൾ കൊണ്ട്
കുട്ടിക്കുരങ്ങന്മാർ
ചുടുചോറ് മാന്തുന്ന മാതിരി
മണ്ണ് മാന്തി
സ്വയനാശത്തിന്റെ
വിഷവിത്തുകൾ
പാകാൻ വേണ്ടിയത്രെ...!
അതെ... അങ്ങനെയത്രെ...!

**ടി.കെ അലി പൈങ്ങോട്ടായി**

# ശേഷിപ്പുകൾ

സ്വർണപ്പക്ഷി
അതിന്റെ
തൂവലുപേക്ഷിച്ചു പോകുന്നു...
കസ്തൂരിമാൻ
അതിന്റെ
ഗന്ധമവശേഷിപ്പിച്ച്
കടന്നുപോകുന്നു...
കുയിൽ-
അതിന്റെ പാട്ട്
ബാക്കിയാക്കുന്നു..
കർമകാണ്ഡങ്ങളുടെ
മലിന ഭാണ്ഡമുപേക്ഷിച്ച്
ദുർവൃത്തർ
യാത്രയാവുന്നു...
നന്മയുടെ
വെളിച്ചം പ്രസരിപ്പിച്ച്,
സ്നേഹത്തിന്റെ
സുഗന്ധമവശേഷിപ്പിച്ച്...
ചുണ്ടുകളിൽ നിന്ന്
ചുണ്ടുകളിലേക്ക്
പടർന്നേറുന്ന
അപദാനങ്ങൾ
ബാക്കിവെച്ച്
അവർ
കടന്നുപോകുന്നു...
ദൈവത്തിനു
പ്രിയപ്പെട്ടവരായിരുന്നല്ലോ
ആ യാത്രക്കാർ...!

**അഷ്റഫ് കാവിൽ**

